Mathrubhumi 23-12-18, p-12

ഈ വർഷം കണ്ടെത്തിയ സസ്യവർഗങ്ങൾ

▸ ലണ്ടനിലെ ക്യൂ ഗാർഡനിലെ ഗവേഷകർ നൂറോളം സസ്യങ്ങളാണ് കഴിഞ്ഞ വർഷം കണ്ടെത്തിയത്. വ്യത്യസ്തമായ ഗുണങ്ങളുള്ള പത്തു സസ്യങ്ങളുടെ പേരുവിവരങ്ങൾ പുറത്തുവിട്ടിരിക്കുകയാണിവർ.

ലെബിയെ ഗ്രാൻഡിഫ്ലോറ
Lebbiea grandiflora

സേവാ നദിയിയുടെ വെള്ളച്ചാട്ടത്തിനടുത്തുനിന്ന് കണ്ടെത്തിയ ഔഷധിച്ചെടിയാണ് ലെബിയെ ഗ്രാൻഡിഫ്ലോറ. പ്രൊഫസർ. ആയിഹ ലെബിയാണ് ഗുരുതരവംശനാശം നേരിടുന്ന ഇവയെ സിയെറാ ലിയോണിൽനിന്ന് കണ്ടെത്തിയത്. ഇവയ്ക്ക് വംശനാശം സംഭവിച്ചിരിക്കാമെന്നു കരുതിയിരിക്കുമ്പോഴാണ് കണ്ടെത്തിയത്.

നെപന്തസ് ബിയാക്ക്
Nepenthes biak

പ്രാണിയെ തിന്നുന്ന വർഗത്തിൽപ്പെട്ട 150 ചെടികളാണ് ലോകത്തുള്ളത്. ഇൻഡൊനീഷ്യയിലെ ന്യൂഗിനിയിലെ വടക്കൻ തിരത്തുള്ള ചെറുദ്വീപായ ബിയാക്കിൽ നിന്നാണ് ഇതിനെ കണ്ടെത്തിയത്. വംശനാശഭീഷണി നേരിടുന്ന ഈ ചെടിയെ ദ്വീപിലെത്തുന്ന വിനോദസഞ്ചാരികൾ വിൽപ്പനയ്ക്കായി വ്യാപകമായ പറിച്ചുകൊണ്ടുപോകുന്നതായി ഗവേഷകനായ ഡോ. മാർട്ടിൻ ചീക്ക് പറഞ്ഞു.

കിൻഡിയ ഗാങ്ഗൻ
Kindia gangan

അർബുദരോഗികൾക്ക് പ്രതീക്ഷ നൽകുമെന്ന് കരുതുന്ന കിൻഡിയ ഗാങ്ഗൻ എന്ന കാപ്പികുടുംബത്തിൽപ്പെട്ട ഇനമാണ്. പടിഞ്ഞാറാൻ ആഫ്രിക്കയിലെ ഗിനിയിലെ മലഞ്ചെരിവിൽനിന്നാണ് കണ്ടെത്തിയത്.

ഡയോസ്കോറിയ ഹർട്ടേരി
Dioscorea hurteri

ലോകത്തിൻെറ വിവിധയിടങ്ങളിൽ കാണുന്ന ഒന്നാണ് ചേന. പക്ഷേ, മരത്തിൽ പടർന്നുകയറുന്ന ചേനയെ-ഡിയോസ്കോറ ഹർട്ടേരി- ആദ്യമായി കണ്ടെത്തിയത് 2002 ൽ ആണ്. ദക്ഷിണാഫ്രിക്കയിൽനിന്നാണ് കണ്ടെത്തിയത്.

സ്ലിപ്പർ ഓർക്കിഡ്

വംശനാശഭീഷണിനേരിടുന്ന ഓർക്കിഡാണ് സ്ലിപ്പർ ഓർക്കിഡ്. പാപിയോ പെലഡിയം പാപിലോ ലാവോടിക്കസ് (Paphiopedilum papilio-laoticus). ലാവോസിലെ വിയൻടെയ്നിലാണ് കണ്ടെത്തിയത്.

ഒറിയോകാറിസ് ട്രിബ്രാക്റ്റിയേറ്റ
Oreocharis tribracteata

വിയ്റ്റ്നാമിൽ നിന്ന് കണ്ടെത്തിയ പുഷ്പിത സസ്യം. ഈ ചെടി ഇപ്പോൾ യു.കെ.യിലും വളർത്തുന്നുണ്ട്.

താൽബോട്ടിയെല്ല ചീക്കി
Talbotiella cheekii

താൽബോട്ടയെല്ല ചീക്കിയെന്ന മരത്തെപ്പറ്റി ശാസ്ത്രത്തിന് 2015 വരെ അറിവില്ലായിരുന്നു. പടിഞ്ഞാറൻ ആഫ്രിക്കയിലെ ഗിനിയിലാണ് കണ്ടെത്തിയത്. വസന്തകാലത്തിൽ ഇവയിൽ പിങ്ക് നിറമുള്ള പൂക്കളുണ്ടാകും.

പിമെന്റ ബെർസിലിയ
Pimenta berciliae

സൗന്ദര്യവർധക വസ്തുക്കളിൽ ഉപയോഗിക്കുന്ന ഒന്നാണ് പിമെൻറ ബെർസിലിയ. കരീബിയയിലെ മലനിരകളിലാണ് ഇവയെ കാണുന്നത്.

വെപ്രിസ് ബാലി Vepris bali

കാമറൂണിൽ കണ്ടെത്തിയ മരം. ബാലയിലെ ബാമെൻഡ് മലമ്പ്രദേശത്ത് മാത്രം കാണുന്നു. വംശനാശഭീഷണിനേരിടുന്ന മരത്തിന് ഔഷധഗുണമുള്ളതായി ഗവേഷകർ പറയുന്നു. 1951-ലാണ് ആദ്യമായി കണ്ടെത്തിയതെങ്കിലും പിന്നീട് വംശനാശം സംഭവിച്ചതെന്ന് കരുതുകയായിരുന്നു

ഹൈഡനം മെല്ലിടോസാർ
Hydnum melitosarx

ഫംഗസ് വിഭാഗത്തിൽപ്പെട്ട ഇവ കൂണുകളുടെ വിഭാഗത്തിൽപ്പെട്ടവയാണ്. വടക്കൻ അമേരിക്കയിലെ മരക്കൂട്ടങ്ങൾക്കിടയിൽനിന്നാണ് കണ്ടെത്തിയത്.

| ചിത്രങ്ങൾക്ക് കടപ്പാട് : ക്യൂഗാർഡൻസ് വെബ്സൈറ്റ്

▶ സിറ്റി ഓഫ് ലണ്ടനിൽ നടക്കുന്ന ഫെസ്റ്റിവൽ പ്രദർശിപ്പിച്ച അപൂർവയിനമായ ഇരുതലയൻ കാലിഫോർണിയ കിങ് സ്നേക്. ടോം ആൻഡ് ജെറി എന്ന ഓമനപ്പേരാണിതിന് നൽകിയിരിക്കുന്നത്. | പി.ടി.ഐ.

അറിവ്

കാലിഫോർണിയ കിങ് സ്നേക്ക്

- **ശാസ്ത്രനാമം** ലാംപ്രോപെൽറ്റിസ് ഗെറ്റുല
- **കാണപ്പെടുന്നത്** മെക്സിക്കോ, കാലിഫോർണിയ, യൂട്ടാ, കൊളറാഡോ
- **ആവാസവ്യവസ്ഥ** പടർപ്പുചെടികൾക്കിടയിൽ, പാറക്കെട്ടുകൾ, മരുഭൂമി, പുൽമേടുകൾ
- **നീളം** രണ്ടരമുതൽ നാലടിവരെ
- **നിറം** വെള്ളയും കറുപ്പും. മിനുസവും തിളക്കവുമുള്ള ചെതുമ്പലുകൾ
- **ആയുസ്സ്** കാഴ്ചബംഗ്ലാവുകളിൽ സൂക്ഷിക്കുന്നവയ്ക്ക് 33 വർഷത്തെ ആയുസ്സുണ്ടാകും
- **ഭക്ഷണം** ചെറിയ ആമകൾ, പക്ഷികൾ, പല്ലി, തവള എന്നിവ